# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T2836 09.05.17 ൽ മറുപടിയ്ക്ക്

### വാഹനങ്ങളിലെ ചുവന്ന ബീക്കൺ ലൈറ്റ് ഉപയോഗം

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ചുവന്ന ബീക്കൺ ലൈറ്റ് ഇന്ത്യയൊട്ടാകെ നിരോധിക്കാനുള്ള തീരുമാനത്തെത്തുടർന്ന് സംസ്ഥാനത്ത് ആരുടെയൊക്കെ വാഹനങ്ങളിൽ നിന്നും അവ നീക്കം ചെയ്യേണ്ടിവരുമെന്ന് വിശദമാക്കുമോ; | (എ) | ആംബുലൻസ്, ഫയർ ഫോഴ്സ്, ക്രമസമാധാന ജോലിയിലേർപ്പെട്ടിരിക്കുന്ന പോലീസ്, പ്രതിരോധ പാരാമിലിട്ടറി സർവ്വീസുകൾ, പ്രകൃതി ദുരന്ത രക്ഷാ ദൗത്യങ്ങളിൽ ഉൾപ്പെടുന്നവ എന്നിവയൊഴികെയുള്ള വാഹനങ്ങളിൽ ബീക്കൺ ലൈറ്റ് അനുവദനീയമല്ല എന്നാണ് കേന്ദ്ര സർക്കാർ ഉത്തരവിൽ നിന്നും മനസ്സിലാവുന്നത്. നിലവിൽ സംസ്ഥാന സർക്കാർ ഉത്തരവുകൾ പ്രകാരം ചുവന്ന ഫ്ലാഷറോടുകൂടിയ ബീക്കൺ ലൈറ്റുകൾ ഉപയോഗിയ്ക്കുവാൻ അനുമതി ഉണ്ടായിരുന്ന ബഹു.സംസ്ഥാന ഗവർണർ, മുഖ്യമന്ത്രി, ചീഫ് ജസ്റ്റിസ്, സ്പീക്കർ, പ്രതിപക്ഷ നേതാവ്, മന്ത്രിമാർ, പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ഹൈക്കോടതി ജഡ്ജിമാർ തുടങ്ങിയവരുടെ വാഹനങ്ങളിൽ നിന്നും പുതിയ കേന്ദ്ര നിയമപ്രകാരം, ചുവന്ന ലൈറ്റ് നീക്കം ചെയ്യേണ്ടതായുണ്ട്. ഫ്ലാഷറില്ലാത്ത ചുവന്ന ബീക്കൺ ലൈറ്റിന് അനുമതി ഉണ്ടായിരുന്ന ഡെപ്യൂട്ടി സ്പീക്കർ. ചീഫ് സെക്രട്ടറി, അഡ്വക്കേറ്റ് ജനറൽ, ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ, പട്ടിക ജാതി-പട്ടിക വർഗ്ഗ കമ്മീഷൻ ചെയർമാൻ എന്നിവരും ഫ്ലാഷറുള്ളതോ ഇല്ലാത്തതോ ആയ നീല ബീക്കൺ ലൈറ്റ് ഉപയോഗിയ്ക്കുവാൻ അനുമതി ഉണ്ടായിരുന്ന പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗങ്ങൾ, ഗവൺമെന്റ് സെക്രട്ടറിമാർ, ജില്ലാ ജഡ്ജിമാർ, കളക്ടർമാർ, നോർക്കയുടെ വൈസ് ചെയർമാൻ, ട്രാൻസ്പോർട്ട് കമ്മീഷണർ, എൻക്വയറി കമ്മീഷൻ & സ്പെഷ്യൽ ജഡ്ജ്, വിജിലൻസ് ട്രിബ്യൂണൽ, കമാണ്ടന്റ് കം ഡിവിഷണൽ സെക്യൂരിറ്റി ഓഫീസർ, റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് എന്നിവർക്കും, ക്രമസമാധാന ചുമതലയില്ലാത്ത പോലീസ് ഉദ്യോഗസ്ഥർ, ചുവപ്പ് |

| | | | |
|---|---|---|---|
| | | | ലൈറ്റ് ഉപയോഗിയ്ക്കുവാൻ അനുമതിയുള്ളവർക്ക് തുല്യരായവർ, വനം വകുപ്പിലെ ടെറിട്ടോറിയൽ വിഭാഗം, വൈൽഡ് ലൈഫ്, ഫ്ലയിംഗ് സ്ക്വാഡ് എന്നിവർക്ക് ഉപയോഗിയ്ക്കുവാൻ അനുമതി ഉണ്ടായിരുന്ന മൾട്ടി കളേഡ് ബീക്കൺ ലൈറ്റും ഇനി ഉപയോഗിയ്ക്കാനാവില്ല. |
| (ബി) | ചുവപ്പ്, നീല, മഞ്ഞ എന്നീ നിറങ്ങളിലെ കണ്ണഞ്ചിപ്പിക്കുന്ന പ്രകാശമുള്ള എൽ.ഇ.ഡി. ബീക്കൺ ലൈറ്റ് ഉപയോഗിക്കാൻ മോട്ടോർ വാഹന വകുപ്പ് ആർക്കൊക്കെ അനുമതി നൽകിയിട്ടുണ്ട്; രാത്രികാലങ്ങളിലെ ഇതിന്റെ ഉപയോഗം മറ്റ് വാഹന ഡ്രൈവർമാർക്കും കാൽനടയാത്രക്കാർക്കും കണ്ണിന് ഹാനിയുണ്ടാക്കുന്നതും അപകടങ്ങൾ വർദ്ധിക്കുന്നതിന് ഇടയാക്കുന്നതുമാണെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാന സർക്കാരാണ് ബീക്കൺ ലൈറ്റ് ഉപയോഗിയ്ക്കാൻ മറുപടി (എ)യിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം അനുമതി നൽകിയിരുന്നത്. ബീക്കൺ ലൈറ്റുകളുടെ ഉപയോഗം മൂലം മറ്റ് വാഹന ഡ്രൈവർമാർക്കും, കാൽനടയാത്രക്കാർക്കും, കണ്ണിന് ക്ഷതം സംഭവിയ്ക്കുന്നതായോ, അപകടം ഉണ്ടാവുന്നതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ബീക്കൺ ലൈറ്റിന്റെ ഉപയോഗം റോഡുനിയമങ്ങൾ അവഗണിക്കാനും മറ്റു വാഹന യാത്രക്കാരുടെ മുമ്പിൽ അനാവശ്യപ്രകടനം നടത്താനും ഇടയാക്കുന്നകാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (സി) | ഇപ്രകാരമൊരു സാഹചര്യം സംജാതമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പൊതു റോഡുനിയമങ്ങളിൽ അടിയന്തര ഘട്ടങ്ങളിൽ ഏതൊക്കെ വാഹനങ്ങൾക്കാണ് ബീക്കൺ ലൈറ്റുകൾ ഉപയോഗിക്കുവാൻ നിയമപ്രകാരം ഇളവ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ഡി) & (ഇ) | കേന്ദ്ര മോട്ടോർ വാഹന ചട്ടം 108 (I) (iv) പ്രകാരം ആംബുലൻസ് വാഹനങ്ങൾക്കും, ഫയർ ഫോഴ്സ്, ക്രമസമാധാന ചുമതലയുള്ള പോലീസ്, പ്രതിരോധ പാരാമിലിട്ടറി സർവ്വീസുകൾ, പ്രകൃതി ദുരന്ത രക്ഷാ ദൗത്യത്തിൽ ഉൾപ്പെട്ടിരിയ്ക്കുന്നവ എന്നീ വാഹനങ്ങളിൽ ചുവപ്പ്, നീല. വെള്ള നിറമുള്ള മൾട്ടി കളേഡ് ബീക്കൺ ലൈറ്റ് ഉപയോഗിയ്ക്കുവാനുള്ള അനുമതിയാണ് ഉള്ളത്. ഈ ചട്ടം പാലിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഇ) | ഈവാഹനങ്ങൾക്കൊഴികെ മറ്റൊരു വാഹനത്തിനും ബീക്കൺ ലൈറ്റുകൾ അനുവദിക്കാതിരിക്കാനും നിയമം എല്ലാവർക്കും ഒരുപോലെ ബാധകമാക്കാനും തയ്യാറാകുമോ? | | |

സെക്ഷൻ ഓഫീസർ